പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ - 562 | 09.07.2012-ൽ മറുപടിയ്ക്ക്

## തീർത്ഥാടന കേന്ദ്രങ്ങളിലേയ്ക്കുള്ള റോഡുകളുടെ നവീകരണം.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ് ഉണ്ണിയാടൻ;<br>ശ്രീ.മോൻസ് ജോസഫ്;<br>ശ്രീ.റ്റി.യു. കുരുവിള;<br>ശ്രീ.സി.എഫ്. തോമസ്; | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്തുവകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ വിവിധ തീർത്ഥാടന കേന്ദ്രങ്ങളിലേയ്ക്കുള്ള റോഡുകൾ അന്തർ ദേശീയ നിലവാരത്തിൽ നവീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ; | (എ) സംസ്ഥാനത്തെ വിവിധ തീർത്ഥാടന കേന്ദ്രങ്ങളിലേയ്ക്കുള്ള റോഡുകൾ അന്തർ ദേശീയ നിലവാരത്തിൽ നവീകരിക്കുന്നതിന് പ്രത്യേക പദ്ധതികൾ ഒന്നും നടപ്പിലാക്കിയിട്ടില്ല. എന്നാൽ സംസ്ഥാനത്തെ പ്രധാനപ്പെട്ട തീർത്ഥാടന കേന്ദ്രങ്ങളായ ശബരി മലയിലേയ്ക്കുള്ള റോഡുകളിൽ "ലോംഗ് ടേം ഹെവി മെയിന്റനൻസ് പദ്ധതി" പ്രകാരം ദീർഘകാല ഗ്യാരണ്ടിയോട് കൂടിയ പുനരുദ്ധാരണ പ്രവർത്തനങ്ങളും, ഗുരുവായൂരിലേയ്ക്ക് നാലുവരിപ്പാതയുടെ നിർമ്മാണവും പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, പദ്ധതിയിതര വിഹിതത്തിലുൾപ്പെടുത്തി മലയാറ്റൂർ പള്ളി, ആറ്റുകാൽ ക്ഷേത്രം തുടങ്ങി മറ്റ് പ്രാധാന്യമുള്ള തീർത്ഥാടന കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട റോഡുകൾ ഗതാഗതയോഗ്യമാക്കാറുണ്ട്. |

| | |
|---|---|
| (ബി) സംസ്ഥാനത്തെ റോഡുകളുടെ നവീകരണത്തിന് എന്തെല്ലാം പുതിയ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് മുഖേനയും കെ.എസ്.ടി.പി രണ്ടാം പദ്ധതിയിലുൾപ്പെടുത്തിയും റോഡുകളുടെ നവീകരണത്തിന് പുതിയ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരളത്തിലെ ദേശീയ പാതകളെല്ലാം (5.92 കി.മീ. ദൈർഘ്യമുള്ള എൻ.എച്ച്. 47 എ ഒഴികെയുള്ള) കേന്ദ്ര സർക്കാരിന്റെ ദേശീയപാത വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 2/4/6 വരിപാതയായി വികസിപ്പിക്കുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ